**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ആവശ്യത്തിന് ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഇംഗ്ലീഷ് അധ്യാപകരുടെ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനങ്ങൾ നടത്തുന്ന നിയമവിരുദ്ധനടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ പുനപരിശോധിക്കുവാൻ തയ്യാറാകുമോ; | (ബി) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക |

| | | | |
|---|---|---|---|
| | | | എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഇംഗ്ലീഷ് ഭാഷ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | എച്ച്.എസ്.എ ഇംഗ്ലീഷ് റഗുലർ തസ്തികകൾ പീരീഡ് അടിസ്ഥാനത്തിൽ അനുവദിക്കുന്ന മുറയ്ക്ക് പി.എസ്.സി നിയമനങ്ങൾ നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ